**പാർലമെന്ററി ജനാധിപത്യത്തെ താങ്ങി നിർത്തുന്ന നാല് നെടുംതൂണുകളോടൊപ്പം അഞ്ചാമതൊരു നെടുംതൂണ് കൂടി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന പേരിൽ ഒരു പുതിയ പ്രസ്ഥാനത്തിന് തുടക്കമായിരിക്കുന്നു. അധികാര രാഷ്ട്രീയത്തിൽ പ്രവേശിക്കാതെ, രാഷ്ട്രീയ പാർട്ടിയാവാതെ, തിരുത്തൽശക്തിയും മാർഗ്ഗദർശക ശക്തിയുമായി സിവിൽ സമൂഹത്തിന്റെ പക്ഷത്ത്നിന്നുള്ള പ്രവർത്തനമാണ് ഫിഫ്ത്ത് എസ്റ്റേറ്റ് നടത്തുന്നത്. ജനാധിപത്യ വ്യവസ്ഥയിൽ നടക്കുന്ന ഈ പുതിയ ഇടപെടലിന്റെ പ്രവർത്തനരീതിയും കാഴ്ചപ്പാടും കൂടുതൽ സംവാദങ്ങൾക്കായി കേരളീയം വായനക്കാർക്ക് മുന്നിൽ വയ്ക്കുന്നു.**

**(കഴിഞ്ഞലക്കം തുടർച്ച)**

# ഫിഫ്ത്ത് എസ്റ്റേറ്റ്: പുതിയ രാഷ്ട്രീയവേദി

**6.** രണ്ടാം ലോകയുദ്ധത്തിന് ശേഷം സ്വാതന്ത്ര്യം നേടിയ വികസ്വരരാജ്യങ്ങളിൽ അതീവ ബൃഹത്തും ഭാഷ, മത, വർണ്ണ, ജാതി, വംശീയ, സാംസ്കാരിക വൈവിധ്യങ്ങൾകൊണ്ട് സങ്കീർണ്ണവുമായ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് മതനിരപേക്ഷ ജനാധിപത്യരാഷ്ട്രീയ സംവിധാനം ഫലപ്രദമായി വേരുപിടിക്കാനും വളർത്താനും കഴിഞ്ഞത് ലോകശ്രദ്ധ ആകർഷിച്ചു കഴിഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ ഭരണകൂടം കമ്മ്യൂണിസ്ററുപാർട്ടി എന്ന ഒറ്റ നെടുംതൂണിൽ നിലനിന്നപ്പോൾ ഇവിടെ നിയമനിർമ്മാണസഭകൾ, നീതിന്യായവ്യവസ്ഥ, നിർവ്വഹണവിഭാഗം, മാധ്യമങ്ങൾ എന്നീ നാലു നെടുംതൂണുകൾക്കൊപ്പം ഇലക്ഷൻ കമ്മീഷൻ എന്നൊരു ഭരണഘടനാസ്ഥാപനംകൂടി വളർന്നുവന്നിട്ടുണ്ട്. ഈ നാല് നെടുംതൂണുകൾ തമ്മിലുള്ള പ്രതിപ്രവർത്തനം ഏറെ ദൗർബ്ബല്യങ്ങളോടേയും ഏറ്റക്കുറച്ചിലുകളോടെയുമാണെങ്കിലും താരതമന്യേന സന്തുലിതാവസ്ഥയിൽ നിലനിർത്താൻ കഴിഞ്ഞിരിക്കുന്നു എന്നതാണ് ഇന്ത്യൻ മതനിരപേക്ഷ ജനാധിപത്യവ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. അതേസമയം, ഈ നാലു നെടുംതൂണുകളിൽ അധിഷ്ഠിതമായ ജനാധിപത്യവ്യവസ്ഥയ്ക്ക് സംഭവിക്കുന്ന അപചയങ്ങളും ജീർണ്ണതകളും പരിഹരിക്കുന്നതിന് അഞ്ചാമതൊരു തൂണുകൂടി സജീവമായി രംഗത്തുണ്ടാകണം.

**7.** മെച്ചപ്പെട്ട രാഷ്ട്രീയഘടന വളർത്തിയെങ്കിലും സാമ്പത്തിക മേഖലയിൽ ദശകങ്ങളോളം ഇന്ത്യയ്ക്ക് വഴി തെറ്റുകയുണ്ടായി. സോവിയറ്റ് മോഡൽ പഞ്ചവത്സര ആസൂത്രണവും മിശ്രസമ്പദ്‌വ്യവസ്ഥയും നടപ്പിലാക്കാൻ ശ്രമിച്ച നെഹ്രുവിന്റെ സാമ്പത്തികനയങ്ങൾ മെച്ചപ്പെട്ട സാമ്പത്തിക അടിത്തറ ഉണ്ടാക്കാൻ തുടക്കത്തിൽ സഹായകമായെങ്കിലും ഫലത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ലൈസൻസ് രാജിലേയ്ക്കും മുരടിപ്പിലേയ്ക്കുമാണ് നയിച്ചത്. ഇന്ത്യൻ ഭരണവ

ർഗ്ഗങ്ങൾ സോവിയറ്റ്, അമേരിക്കൻ വൻശക്തി മേധാവിത്തത്തിന് വിധേയമാവുകയും ചെയ്തു. സോവിയറ്റ് തകർച്ചയ്ക്കുശേഷം ഇന്ത്യൻ സമ്പദ്വ്യവസ്ഥ ലൈസൻസ് രാജ് വ്യവസ്ഥയിൻനിന്ന് പടിപടിയായി മുക്തമാവുകയും സ്വതന്ത്രമത്സരവിപണിയിലേക്ക് നീങ്ങുകയും ചെയ്തു. കഴിഞ്ഞ രണ്ടു ദശകംകൊണ്ട് ഇന്ത്യൻ സമ്പദ്വ്യവസ്ഥ അതിവേഗം വളർച്ച നേടുകയുണ്ടായി. ചൈന കഴിഞ്ഞാൽ ഏറ്റവും വളർച്ചയുള്ള സമ്പദ്വ്യവസ്ഥയായി ലോകതലത്തിൽ അംഗീകാരം നേടുകയും ചെയ്തു. പക്ഷേ, ഈ പരിവർത്തനത്തിന് നേതൃത്വം നൽകിയവർ ഇവിടെ നടപ്പിലാക്കിയത് വിപണിയിലൂടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്ന വിപണി മൗലികവാദ സമീപനമാണ്. മാനുഷികമുഖമുള്ള സാമ്പത്തികനയം നടപ്പാക്കുമെന്ന വാഗ്ദാനം ശരിയായ രീതിയിൽ നടപ്പിലാക്കപ്പെട്ടിട്ടില്ല. വികസനത്തിന്റെ നേട്ടം എല്ലാ ജനവിഭാഗങ്ങളിലേയ്ക്കും എത്തിക്കുക എന്ന അടിസ്ഥാനപ്രശ്നം പരിഹരിക്കപ്പെടാതിരിക്കുന്നതു നിമിത്തം മുഖ്യമായും സമ്പന്ന വിഭാഗങ്ങളുടെ താല്പര്യത്തിനുവേണ്ടി സാമ്പത്തിക നയം നടപ്പിലാക്കപ്പെടുന്ന അവസ്ഥ തുടരുകയാണ്. സാമ്പത്തികമായി ഏറ്റവും അടിത്തട്ടിലുള്ളവരുടെ, അഥവാ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടേയും പ്രാന്തവല്കൃത വിഭാഗങ്ങളുടേയും സാമൂഹ്യസാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള സമഗ്രപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സർക്കാറിന് ഉത്തരവാദിത്വമുണ്ട്. സർക്കാറിനുമേൽ ഇക്കാര്യത്തിനുവേണ്ടി ജനാധിപത്യപ്രസ്ഥാനങ്ങൾ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.

**8.** ഇന്ത്യയിൽ അധികാരം കയ്യാളുന്ന പാർലമെന്ററി രാഷ്ട്രീയ പാർട്ടികൾ മുഖ്യമായും ഫ്യൂഡൽ, മുതലാളിത്ത സമ്പന്ന വിഭാഗങ്ങളുടെ താല്പര്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നതും സംരക്ഷിക്കുന്നതും. ഇടത്തരക്കാരുടേയും കർഷകരുടേയും തൊഴിലാളികളുടേയുമെല്ലാം പ്രതിനിധികളെന്ന് അവകാശപ്പെടുന്ന പാർട്ടികളെ കാണാമെങ്കിലും നമ്മുടെ അധികാരസംവിധാനത്തിൽ അവരെല്ലാം ഫലത്തിൽ മുകളിൽ പറഞ്ഞ സമ്പന്നവിഭാഗങ്ങളുടെ താൽപര്യസംരക്ഷകരായി മാറുന്ന കാഴ്ചയാണ് കാണാൻ കഴിയുക. ഇവരോടൊപ്പം പഴയ ഫ്യൂഡൽ ഘടനയിൽതന്നെ തുടരുന്ന ഉദ്യോഗസ്ഥ മേധാവി വർഗ്ഗവും ചേർന്നുള്ള ഭരണവർഗ്ഗക്ഷ കൂട്ടുകെട്ട് പാർലമെന്ററി സമ്പ്രദായത്തെ തങ്ങളുടെ താൽപര്യസംരക്ഷണത്തിനുള്ള ഒരു ഉപാധിയായി മാറ്റിയിരിക്കുന്നു. അതുകൊണ്ടുതന്നെ വികസിത മുതലാളിത്തരാജ്യങ്ങളിൽ കാണാനാവാത്തവിധം ഭീമാകാരരൂപം പൂണ്ട അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും സ്വജനപക്ഷപാതത്തിന്റെയും കുടുംബവാഴ്ചയുടുമെല്ലാം നിദർശനങ്ങൾ എത്ര വേണമെങ്കിലും ഇവിടെ കാണാം.

**9.** നമ്മുടെ ജനാധിപത്യവ്യവസ്ഥ നിഷ്ക്രിയമല്ല; ഇലക്ഷൻ കമ്മിഷന്റെ സക്രിയത്വം, മനുഷ്യാവകാശ കമ്മിഷന്റെ രൂപീകരണം, അറിയാനുള്ള അവകാശം നിയമം പാസ്സാക്കപ്പെട്ടത് എല്ലാം ജനാധിപത്യസമ്പ്രദായത്തിന്റെ മുന്നോട്ടുള്ള കാൽവയ്പുകൾ തന്നെയാണ്. പക്ഷേ, ജനാധിപത്യ വ്യവസ്ഥയുടെ കാവൽ കർത്തവ്യം നിറവേറ്റേണ്ട നീതിന്യായവ്യവസ്ഥയിൽ വ്യാപകമാവുന്ന അഴിമതിയും, നിയമനിർമ്മാണസഭകളെ യഥാർത്ഥത്തിൽ നിയന്ത്രിക്കുന്ന രാഷ്ട്രീയപാർട്ടികൾ അധികാരം പങ്കിടുന്നതിലും ദുർവിനിയോഗം ചെയ്യുന്നതിലും കേന്ദ്രീകരിക്കുന്നതും ജനാധിപത്യവ്യവസ്ഥയുടെ അപചയത്തിന് വേഗം കൂട്ടുന്നു. ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികളെ പൊതുവിൽ മൂന്നാക്കി തിരിക്കാം. ആദ്യത്തേത് ജനാധിപത്യ മതനിരപേക്ഷ പാർട്ടികൾ. കോൺഗ്രസ് മുതൽക്കുള്ള ഈ പാർട്ടികൾ ഒട്ടേറെ ദൗർബ്ബല്യങ്ങളോടെയാണെങ്കിലും ഇന്ത്യയിലെ ജനാധിപത്യ മതേതരവ്യവസ്ഥയെ നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. രണ്ടാമത്തേത് മതാധിഷ്ഠിത പാർട്ടികളാണ്. പാർട്ടിയുടെ പേരിൽ മതത്തിന്റെ പേരുണ്ടോ എന്ന് നോക്കിയല്ല, മതാധിഷ്ഠിത രാഷ്ട്രീയ നിലപാട് സ്വീകരിക്കുന്നുണ്ടോ എന്ന് നോക്കിയാണ് മതാധിഷ്ഠിത പാർട്ടികളെ നിർണ്ണയിക്കേണ്ടത്. ഹിന്ദുത്വരാഷ്ട്രീയം തങ്ങളുടെ അടിസ്ഥാനനിലപാടായി പ്രഖ്യാപിച്ചിട്ടുള്ള ബി.ജെ.പി തന്നെയാണ് ഈ വിഭാഗത്തിലെ പ്രധാനി. മുസ്ളിം ന്യൂനപക്ഷത്തിൽ മതമൗലികവാദപരവും തീവ്രവാദപരവുമായ നിലപാടെടുക്കുന്ന ചെറു ഗ്രൂപ്പുകളാണ് ഈ വിഭാഗത്തിൽ പെടുത്താവുന്ന മറ്റുള്ളവ. ഇവയെല്ലാം മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനും ഭീഷണിയാണ്. മൂന്നാമത്തേത് പാർലമെന്ററി രാഷ്ട്രീയം ഉപയോഗിക്കുന്നവരും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം ലക്ഷ്യമായി പ്രഖ്യാപിക്കുന്നവരും മതവിരുദ്ധ ദാർശനിക നിലപാടെടുക്കുന്നവരുമായ കമ്മ്യൂണിസ്റ്റു പാർട്ടികളും ഗ്രൂപ്പുകളുമാണ്. പാർലമെന്ററിപാത വർജിക്കുന്ന മാവോയിസ്റ്റുകളും ഇവരൊടൊപ്പമുണ്ട്. ഇത്തരം പാർട്ടികളെ ഇടതുപാർട്ടികളെന്നും ജനാധിപത്യപാർട്ടികളെ വലതുപക്ഷ പാർട്ടികളെന്നും വിളിക്കുന്നത് ഇന്നത്തെ കാലത്ത് നിരർത്ഥകമാണ്. ഇടതുപക്ഷപാർട്ടികൾ പുരോഗമനപാർട്ടികളെന്നും മറ്റുള്ളവ പിന്തിരിപ്പൻ പാർട്ടികളെന്നും ഒരു വിവക്ഷയുണ്ട്. ഇതും അർത്ഥശൂന്യമാണ്. ഇന്നത്തെ കാലത്ത് പാർലമെന്ററി ജനാധിപത്യത്തോടും മതനിരപേക്ഷതയോടും സത്യസന്ധമായ കൂറുപുലർത്തുന്ന പാർട്ടികളെ മാത്രമേ പുരോഗമനപാർട്ടികളായി കണക്കാക്കാൻ പറ്റൂ.

**10.** ജനാധിപത്യത്തെ തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിനും വോട്ടുസമാഹരണത്തിനും അതീതമായ ഒരു സാമൂഹ്യപ്രക്രിയയായി തിരിച്ചറിയുകയാണ് ആദ്യം വേണ്ടത്. ഒന്നിലധികം വ്യക്തികളുടെ കൂട്ടായ്മകൾ പ്രവർത്തിക്കാൻ തുടങ്ങിവയപ്പോൾതന്നെ ആരംഭിച്ച ഗോത്രകാലഘട്ടത്തിൽ മുളപൊട്ടിയ സാമൂഹ്യസംഘടനയുടെ വികസിത രൂപമായി ജനാധിപത്യത്തെ മനസ്സിലാക്കേണ്ടതുണ്ട്. മുതലാളിത്ത സൈദ്ധാന്തികർ വാദിക്കുന്നത് അർഹതയുള്ളവർ അതിജീവിക്കുന്നു എന്ന ഡാർവിന്റെപ്രകൃതിനിർദ്ധാരണ സിദ്ധാന്തമാണ് മുതലാളിത്ത മത്സരത്തില് കാണുന്നതെന്നും അതുകൊണ്ട് സ്വാഭാവികമായ ഈ പ്രക്രിയയെ നിയന്ത്രിക്കാൻ ശ്രമിക്കുന്നത് അസ്ഥാനത്താണെന്നുമാണ്. ഈ വാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. ശാസ്ത്രീയവുമല്ല. സാമൂഹികമായിട്ടല്ലാതെ വ്യക്തിമത്സരത്തിന് ഏകപക്ഷീയമായി പ്രവർത്തിക്കാനോ നിലനിൽക്കാനോ ആവില്ല. സാമൂഹികതയ്ക്ക് വിധേയമായ മത്സരം മാത്രമേ സ്ഥായിയാവൂ. വ്യക്തിയും സമൂഹവും തമ്മിലുള്ള പരസ്പരാശ്രിതവും വൈരുദ്ധ്യാത്മകവുമായ ഈ ബന്ധമാണ് ജനാധിപ

ത്യപ്രക്രിയയുടെ അന്തർധാരയായി വർത്തിക്കുന്നത്. വിപണിമത്സരത്തിലൂടെ സാമൂഹ്യപ്രശ്നങ്ങളെല്ലാം പരിഹരിക്കാനാകും എന്ന് വാദിക്കുന്ന മുതലാളിത്ത സൈദ്ധാന്തികർ സാമൂഹികതയെ നിഷേധിച്ചുകൊണ്ട് വ്യക്തിമത്സരത്തെ മാത്രം പ്രോത്സാഹിപ്പിക്കുന്നു. തന്മൂലം ഇവർ വിഭാവന ചെയ്യുന്ന സമൂഹത്തിന് ഒരിക്കലും സാമൂഹികനീതി കൈവരിക്കാനാവില്ല. കഴുത്തറപ്പൻ മത്സരം സൃഷ്ടിക്കുന്ന ഉച്ചനീചത്വങ്ങളെ കടിഞ്ഞാണിടാനുമാവില്ല. വിപണിമത്സരത്തെ നിഷേധിക്കാതെ അതിന് മുകളിൽ ജനാധിപത്യപരമായ സാമൂഹികനിയന്ത്രണം കൊണ്ടുവരികമാത്രമാണ് ഈ അടിസ്ഥാനപരമായ സാമൂഹ്യപ്രശ്നത്തിനുള്ള പരിഹാരം.

**11.** ഇന്ത്യന് മതേതരജനാധിപത്യവ്യവസ്ഥയിലെ ഒരു പ്രധാന ഘടകമാണ് ഫെഡറലിസം. അനവധിഭാഷാ, സാംസ്കാരിക വൈജാത്യങ്ങളുള്ള ഇന്ത്യയ്ക്ക് ഇപ്പോഴും ശിഥിലീകരണ ശ്രമങ്ങളെ അതിജീവിയ്ക്കാനാവുന്നത് ഭാഷാ സംസ്ഥാന രൂപീകരണവും ബന്ധപ്പെട്ട അധികാരവികേന്ദ്രീകരണവും സൃഷ്ടിച്ച ഫെഡറൽ സംവിധാനം നിമിത്തമാണ്. അപ്പോൾ പോലും നമ്മുടെ ഫെഡറൽ ഘടനയ്ക്കുള്ള പരിമിതികളും തിരിച്ചറിയേണ്ടതുണ്ട്. സംസ്ഥാനങ്ങളുടെ അധികാരം വളരെ പരിമിതമാണ്. ഉള്ള അധികാരംതന്നെ തിരിച്ചുപിടിക്കാൻ കേന്ദ്രം ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രധാനപ്പെട്ട മുഖ്യധാരാപാർട്ടികളെല്ലാം അധികാരവികേന്ദ്രീകരണത്തിൻ എതിരാണെന്നതാണ് വസ്തുത. പുറമേയ്ക്ക് അവരത് തുറന്നു പറയുകയില്ലെങ്കിലും. ഇതിന്റെ അർത്ഥം ഫെഡറൽ സംവിധാനം കൂടുതൽ നീതിയുക്തവും യഥാർത്ഥ അധികാരവികേന്ദ്രീകരണത്തിലേക്ക് നയിക്കുന്നതും ആകുന്നതിന് നിരന്തരമായ ഇടപെടൽ ആവശ്യമാണെന്നാണ്.

**12.** ജനാധിപത്യസാമൂഹ്യവ്യവസ്ഥയുടെ അവിഭാജ്യഘടകമാണ് മതനിരപേക്ഷത. പാശ്ചാത്യസങ്കല്പ്പമായിട്ടാണ് മതനിരപേക്ഷത നമ്മുടെ നാട്ടിലേക്ക് കടന്നുവന്നത്. ഭരണകൂടം എല്ലാ മതങ്ങളോടും ഒരു പൊതുസമീപനം സ്വീകരിക്കുക, മതത്തെ ഭരണകൂ



**സാമ്പത്തികമായി ഏറ്റവും അടിത്തട്ടിലുള്ളവരുടെ, അഥവാ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടേയും പ്രാന്തവല്ക്യത വിഭാഗങ്ങളുടേയും സാമൂഹ്യ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള സമഗ്രപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സർക്കാറിന് ഉത്തരവാദിത്വമുണ്ട്. സർക്കാറിനുമേൽ ഇക്കാര്യത്തിനുവേണ്ടി ജനാധിപത്യപ്രസ്ഥാനങ്ങൾ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.**

ടാധികാരവുമായി ബന്ധപ്പിക്കാതിരിക്കുക തുടങ്ങിയവയാണ് പാശ്ചാത്യമതനിരപേക്ഷ സങ്കൽപ്പത്തിന്റെ അടിസ്ഥാനം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത നെഹ്റു തുടങ്ങിയ നേതാക്കൾ പാശ്ചാത്യ മതനിരപേക്ഷ സങ്കൽപ്പം ഉയർത്തിപ്പിടിച്ചപ്പോൾ മഹാത്മാഗാന്ധിയാണ് ഇന്ത്യൻ സാഹചര്യങ്ങൾക്കു ചേരുംപടി മതസൗഹാർദ്ദദേശീയബോധം വളർത്തുകയും അത്തരമൊരു ജീവിതശൈലി പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത്. ഭരണഘടനാതലത്തിൽ പാശ്ചാത്യ മതനിരപേക്ഷ സങ്കൽപ്പമാണ് അടിസ്ഥാനമായി തീരുന്നതെങ്കിലും ഗാന്ധിയൻ മതസൗഹാർദ്ദസമീപനം ഇന്ത്യന് മതേതരത്വത്തിന്റെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. പക്ഷേ, രാഷ്ട്രീയ നേതൃത്വങ്ങൾ ആ വീക്ഷണം ഉൾക്കൊള്ളുകയും മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുന്നതിൽ പരാജയപ്പെട്ടതിനെ തുടർന്ന് മതാധിഷ്ഠിത രാഷ്ട്രീയം സമീപകാലത്ത് ശക്തിപ്പെടാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ബോധപൂർവ്വം വർഗ്ഗീയകലാപങ്ങൾ കുത്തിപ്പൊക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ പ്രവണതയ്ക്ക് ഇവിടത്തെ മതനിരപേക്ഷ, ജനാധിപത്യഘടനയെ തകർക്കാനൊന്നുമായിട്ടില്ലെങ്കിലും അതുയർത്തുന്ന വെല്ലുവിളി നിസ്സാരമല്ലെന്ന് കാണേണ്ടതുണ്ട്. മതനിരപേക്ഷതയാണ് തങ്ങളുടെ നിലപാടെന്ന് കമ്മ്യൂണിസ്റ്റുകാർ അവകാശപ്പെടാറുണ്ടെങ്കിലും പ്രത്യയശാസ്ത്രപരമായ അവരുടെ നിലപാട് മതവിരുദ്ധതയാണ്. ഇന്ത്യയിലെ പാർലമെന്ററി രാഷ്ട്രീയത്തിൽ പങ്കെടുക്കുന്ന കമ്മ്യൂണിസ്റ്റുകാർക്ക് മതവിരുദ്ധ സമീപനം സ്വീകരിക്കാനാവില്ല. വോട്ടുബാങ്ക് നിലനിർത്താനാവില്ല എന്നുള്ളകൊണ്ടുതന്നെ പ്രത്യയശാസ്ത്രസമീപനം കയ്യൊഴിയ്ക്കാതെ മതനിരപേക്ഷനിലപാട് സ്വീകരിക്കുന്നു എന്ന് ഭാവിക്കുന്നത് ഫലത്തിൽ അവസരവാദപരവും ഇരട്ടത്താപ്പുമായ സമീപനമാണ്. ഇത് വഞ്ചനയായി പരിണമിക്കുകയും ചെയ്യുന്നു.

**13.** മതാധിഷ്ഠിതരാഷ്ട്രീയം മതത്തില് അധിഷ്ഠിതമായ ഭരണകൂടത്തെയാണ് ലക്ഷ്യം വെക്കുന്നത്. അതുകൊണ്ടാണ് അത് മതനിരപേക്ഷവിരുദ്ധവും ജനാധിപത്യവിരുദ്ധവുമാവുന്നത്. മതനിരപേക്ഷ ഭരണകൂടം എല്ലാ മതങ്ങൾക്കും തുല്യസംരക്ഷണം നൽകണം എന്നാണ് അനുശാസിക്കുന്നത്. മതനിരപേക്ഷ ജനാധിപത്യസമൂഹത്തിൽ എല്ലാ മതസാമൂഹ്യവിഭാഗങ്ങൾക്കും രാഷ്ട്രീയ പ്രക്രിയയില് ഇട

പെടാനും അഭിപ്രായ രൂപീകരണം നടത്താനും സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഉണ്ടായിരിക്കണം. മതാധിഷ്ഠിത രാഷ്ട്രീയംപോലും പ്രചരിപ്പിക്കുന്നത് തടയാൻ ഒരു ജനാധിപത്യസമൂഹത്തിനാവില്ല. അതിനെ ആശയപരമായി പരാജയപ്പെടുത്താനാണ് ശ്രമിക്കേണ്ടത്.

**14.** മതസമൂഹങ്ങൾ, ദേശീയതകൾ, വംശീയതകൾ, ജാതികൾ തുടങ്ങിയ സാമൂഹ്യവിഭാഗങ്ങള് സ്വത്വബോധത്തിന്റെ അടിസ്ഥാനത്തിൽ സംഘടിക്കുകയും സ്വത്വരാഷ്ട്രീയം സ്ഥായിയായി സ്വീകരിക്കുകയും ചെയ്യുന്നത് നീതിയുക്തവും ചരിത്രപരമായി സ്വാഭാവികവുമാണെന്ന ആശയം സമീപകാലത്ത് ശക്തിപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ സാമൂഹ്യവിഭാഗങ്ങള് രണ്ട് ഭിന്നാവസ്ഥകളിൽ കാണാം. മർദ്ദിതാവസ്ഥയിലും മേധാവിത്വാവസ്ഥയിലും. മർദ്ദിതാവസ്ഥയിലുള്ള ഈ സാമൂഹ്യവിഭാഗങ്ങൾ സ്വന്തം സ്വത്വബോധം വീണ്ടെടുക്കുകയും സ്വത്വരാഷ്ട്രീയത്തിലൂടെ മർദ്ദിതാവസ്ഥയിൽ നിന്ന് മോചനം നേടുകയും ചെയ്യുന്നത് സ്വാഭാവികമായ ചരിത്രപ്രക്രിയതന്നെയാണ്. പക്ഷേ, ഇങ്ങനെ മോചനം നേടി പൊതുസമൂഹവുമായി പൊരുത്തപ്പെടാവുന്ന സാമൂഹ്യപദവിയിലെത്തിയ സാമൂഹ്യവിഭാഗങ്ങള് പിന്നെയും സ്വത്വരാഷ്ട്രീയത്തില് തുടരുന്നത് വിഭാഗീയതയ്ക്ക് വളംവെയ്ക്കുകയേ ഉള്ളൂ. മേധാവിത്താവസ്ഥയിലുള്ള സാമൂഹ്യവിഭാഗങ്ങളും സ്വത്വരാഷ്ട്രീയത്തിന്റെ  പിന്നാലെ പോവുന്നത് വിഭാഗീയതയിലേക്കും ജനാധിപത്യവിരുദ്ധ പ്രവണതയിലേയ്ക്കുമാണ് നയിക്കുക.

**15.** ഇന്ത്യൻ സമൂഹത്തിന്റെ മാത്രം സവിശേഷതയായ വർണ്ണ ജാതി വ്യവസ്ഥ ഇന്ത്യൻ ജനാധിപത്യത്തിന് മുന്നിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇന്ത്യൻ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന പിന്നോക്ക, ദളിത്, ആദിവാസിവിഭാഗങ്ങൾ രാഷ്ട്രീയാധികാര മേഖലകളിൽ നിന്ന് പുറന്തള്ളപ്പെട്ടിരുന്ന അവസ്ഥയ്ക്ക് സമീപകാലത്ത് ചെറിയ മാറ്റങ്ങൾ ഉണ്ടായി തുടങ്ങിയിട്ടുണ്ട്. ഈ സാമൂഹ്യവിഭാഗങ്ങൾ രാഷ്ട്രീയമായി സ്വയം സംഘടിക്കുകയും ജനാധിപത്യപ്രക്രിയയിലൂടെ തങ്ങൾക്കർഹമായ അധികാരത്തിന്റെ പങ്ക് പിടിച്ചുപറ്റാൻ തുടങ്ങുകയും ചെയ്തിട്ടുള്ളത് ഇന്ത്യൻ ജനാധിപത്യത്തിന് പുതിയ അർത്ഥം നൽകാൻ ഇടയായിട്ടുണ്ട്. എല്ലാ മർദ്ദിത സാമൂഹ്യവിഭാഗങ്ങളും സാമൂഹ്യവും രാഷ്ട്രീയവുമായി തുല്യപദവി നേടുന്നതുവരെയും ഇത്തരം പ്രക്രിയ ഇന്ത്യൻ ജനാധിപത്യത്തെ സമ്പുഷ്ടമാക്കുകയേയുള്ളൂ. സ്വത്വരാഷ്ട്രീയത്തിന്റെ കാര്യത്തിലെന്നപോലെ ജാതിരാഷ്ട്രീയവും പ്രാഥമികലക്ഷ്യം നേടിയതിനുശേഷവും തുടർന്നാൽ വിഭാഗീയതയിലേക്കും സങ്കുചിതത്വത്തിലേയ്ക്കും വഴുതിവീഴാനുള്ള സാധ്യത ഏറെയാണ്.

**16.** മനുഷ്യസമൂഹം അതിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയയിൽ ആഗോളതലത്തിൽ തന്നെ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്നാണ് പകുതിയോളം വരുന്ന സ്ത്രീസമൂഹത്തിന് പുരുഷ സമൂഹത്തിന്റേതിന് സമമായ സാമൂഹ്യരാഷ്ട്രീയ പദവികൾ ലഭ്യമാക്കുക എന്നത്. ഇന്ത്യയിലും കേരളത്തിലും ഈ വെല്ലുവിളി ശക്തമായിതന്നെ ഉയർന്നു നിൽക്കുന്നു. പാർലമെന്റിലും നിയമസഭകളിലും തദ്ദേശഭരണരംഗത്തും സ്ത്രീകൾക്ക് വർദ്ധിച്ച തോതിൽ സംവരണം നൽകുന്ന രീതി പ്രോത്സാഹജനകം തന്നെയാണ്. സ്ത്രീശാക്തീകരണ പ്രക്രിയയിൽ ഇതൊരു പ്രധാന ചുവടുവെയ്പാണെങ്കിലും സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീകളുടെ പദവി മെച്ചപ്പെടണമെങ്കിൽ സ്ത്രീപുരുഷബന്ധത്തെ സംബന്ധിച്ച് സമൂഹത്തിൽ നിലവിലുള്ള ധാരണകളിൽ വലിയ പൊളിച്ചെഴുത്ത് ആവശ്യമാണ്. എല്ലാ രംഗങ്ങളിലും പുരുഷന് മേധാവിത്തപദവിയും സ്ത്രീയ്ക്ക് രണ്ടാം സ്ഥാനവും നല്കുന്ന സാമൂഹ്യ സാംസ്കാരികാവബോധമാണ് സമൂഹത്തിൽ ശക്തമായി നിലനില്ക്കുന്നത്. ഈ ധാരണകള് പൊളിച്ചെഴുതികൊണ്ട് എല്ലാ രംഗങ്ങളിലും സ്ത്രീ പുരുഷ തുല്യത യാഥാർത്ഥ്യമാക്കേണ്ടതാണ്.

**17.** ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും ജനജീവിതത്തെ ബാധിച്ചുതുടങ്ങിയിരിക്കുന്നു എന്ന തിരിച്ചറിവ് പരിസ്ഥിതി സംരക്ഷണം ഒരു ജനകീയ വിഷയമാകുന്നതിന് സഹായകമായിട്ടുണ്ട്. എങ്കിലും ഒരു ജനാധിപത്യസമൂഹത്തിന് പരിസ്ഥിതി പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യാനാകും എന്നതു സംബന്ധിച്ച് വ്യക്തമായ ധാരണ രൂപീകരിക്കാനായിട്ടില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ഊർജ്ജോൽപാദനത്തിനായി വൻതോതിൽ ഹരിത ഗൃഹ വാതകങ്ങളുടെ ഉല്പാദനം, കാർഷിക മേഖലയിൽ മാരകമായ കീടനാശിനികളുടേയും രാസവളങ്ങളുടേയും പ്രയോഗം, വളക്കൂറുള്ള മേൽമണ്ണിന്റെ നഷ്ടം, ആരോഗ്യസംരക്ഷണത്തിന് ആവശ്യമില്ലാത്തതും, ഹാനികരവുമായ മരുന്നുകളുടെ വ്യാപകമായ വിപണനം, വ്യാപകമായ വനനശീകരണം തുടങ്ങി അനവധി മേഖലകളിൽ സാമൂഹ്യമായ ഇടപെടൽ അത്യന്താപേക്ഷിതമായിരിക്കുന്നു. ശാസ്ത്ര സാങ്കേതികവിദ്യകളാണ് ഇത്തരം വിനാശകരമായ പരിണാമങ്ങൾക്ക് കാരണമെന്നും അതുകൊണ്ട് ശാസ്ത്രസാങ്കേതികവിദ്യകൾ സൃഷ്ടിച്ചിട്ടുള്ള ഉൽപ്പന്നങ്ങളെല്ലാം ഉപേക്ഷിച്ച് മനുഷ്യന് പ്രകൃതിയിലേക്ക് മടങ്ങുകയാണ് വേണ്ടതെന്നും ഒരു ചിന്താഗതി പരിസ്ഥിതി വിഷയവുമായി ബന്ധപ്പെട്ട് നിലനില്ക്കുന്നുണ്ട്. പ്രകൃതി തന്നെ നല്കിയ മനുഷ്യന്റെ അന്വേഷണബുദ്ധിയിൽനിന്നാണ് ശാസ്ത്രസാങ്കേതിക വിദ്യകൾ ഉടലെടുക്കുന്നത് എന്നതുകൊണ്ട് മനുഷ്യസമൂഹത്തിന് അവയെ കയ്യൊഴിയാനാവുകയില്ല. അതസാധ്യവുമാണ്. മാത്രമല്ല ജന്മവാസനകളാൽ മാത്രം നിയന്ത്രിക്കപ്പെടുന്ന മൃഗങ്ങളെപ്പോലെ മനുഷ്യന് പ്രകൃതിയിലേക്ക് മടങ്ങാനുമാവില്ല. ലാഭേച്ഛയിൽ അധിഷ്ഠിതമായ കഴുത്തറപ്പൻ മത്സരമാണ് ശാസ്ത്രസാങ്കേതികവിദ്യകളുടെ ദുരുപയോഗത്തിലേക്ക് നയിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെയുള്ള ഇടപെടലുകളും ഇത്തരം ദുരുപയോഗങ്ങളിലേയ്ക്ക് നയിക്കുന്നുണ്ട്. ജനാധിപത്യപരമായ രീതിയിൽ ആവശ്യമായ മേഖലകളിലെല്ലാം സാമൂഹ്യനിയന്ത്രണം നടപ്പാക്കിക്കൊണ്ടാണ് ഇത്തരം ദുരുപയോഗങ്ങളെ തടയാനാവുക. അതിനാവശ്യമായ സമഗ്രപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

(തുടരും)


**പുതിയ മന്ത്രിസഭ ചെയ്യാനുള്ളത്**

നവസാമൂഹിക പ്രസ്ഥാനങ്ങളുടെ
കൂടിയാലോചന. ജൂലായ് 16-17
കാലടി, സമീക്ഷയിൽ
ബന്ധങ്ങൾക്ക്: ഹിന്ദ്സ്വരാജ് സമിതി 9446234997